പ്ലേറ്റുകൾ കാണാതായതുമായി സ്വീകരിച്ച നടപടികൾ

218 (6137) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിൽ നിന്നും 7000 പ്ലേറ്റുകൾ കാണാതായതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; പ്രസ്തുത സംഭവത്തിൽ കുറ്റക്കാർ ആരെന്നാണ് കണ്ടെത്തിയത് ; ഇവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ബി) ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെങ്കിൽ ഇവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ & ബി) ഇക്കാര്യം ധനകാര്യ (ഇൻസ്പെക്ഷൻ വിഭാഗം) വകുപ്പിന്റെ പരിശോധനയിലാണ്.

അച്ചടി വകുപ്പിൽ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുള്ള നടപടി

219 (6138) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിൽ ഔദ്യോഗിക വാഹനം അനുവദിച്ചിട്ടില്ലാത്ത ഉദ്യോഗസ്ഥൻ സ്വന്തം വാഹനം രജിസ്ട്രേഷൻ ഉദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിച്ച് ഔദ്യോഗിക വാഹനമെന്ന് രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത വാഹനത്തിന്റെ ദുരുപയോഗം തടയുന്നതിന് എന്ത് നടപടി സ്വീകരിച്ചു ; ഔദ്യോഗിക ആവശ്യത്തിനല്ലാതെ ഇന്ധനം ഉപയോഗിക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) അച്ചടി വകുപ്പിന്റെ പേരിൽ അനധികൃതമായി ഉപയോഗിച്ച പ്രസ്തുത വാഹനത്തിന്റെ ഉപയോഗത്തിലൂടെ എന്തു സാമ്പത്തിക നഷ്ടമുണ്ടായി എന്ന് വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly